**പതിമൂന്നാം കേരള നിയമസഭ**
**14-ാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1954** **06/07/2015-ൽ മറുപടിയ്ക്ക്**

**ഉഷ്ണക്കാറ്റിനെക്കുറിച്ചുള്ള പഠനം**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.എൻ.എ ഖാദർ | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>വനവും, പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി |
| (എ) ആന്ധ്ര, തെലുങ്കാന സംസ്ഥാനങ്ങളിൽ രണ്ടായിരത്തോളം പേരുടെ മരണത്തിനിടയാക്കിയ ഉഷ്ണക്കാറ്റ് ഇന്ത്യ മുഴുവൻ വ്യാപിക്കാനിടയുണ്ട് എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) ഈ പ്രതിഭാസത്തെ സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിന് തയ്യാറാകുമോ ? | (ബി) | ഉഷ്ണക്കാറ്റ് സംബന്ധിച്ച നിരവധി പഠനങ്ങൾ രാജ്യത്ത് നടത്തിയിട്ടുണ്ട്. എന്നാൽ ഇപ്പോൾ ഡക്കാൻ പ്രദേശങ്ങളിൽ വീശിയടിച്ച ഉഷ്ണക്കാറ്റ് സംബന്ധിച്ച് പ്രത്യേക പഠനം നടത്തിയിട്ടില്ല. സഹ്യപർവ്വതത്തിന്റെ കിടപ്പ് കേരളത്തെ ഡക്കാൺ പ്രദേശത്ത് നിന്നുള്ള ഉഷ്ണക്കാറ്റിൽ നിന്ന് സംരക്ഷിക്കാൻ പര്യാപ്തമായ രീതിയിലാണ്.<br><br>മൺസൂൺവൃഷ്ടിക്ക് മുൻപായാണ് പൊതുവേ ഉഷ്ണക്കാറ്റ് വീശാറുള്ളത്. ഇപ്പോൾ തെക്ക് പടിഞ്ഞാറൻ മൺസൂൺ കാറ്റ് മിക്ക സംസ്ഥാനങ്ങളിലും വ്യാപിച്ചു കഴിയുകയും വടക്ക് കിഴക്കൻ ദിശയിൽ മുന്നേറിക്കൊണ്ടിരിക്കുകയുമാണ്. മൺസൂൺ കാലത്ത് ഉഷ്ണക്കാറ്റ് വീശാറില്ല. ഈ വിഷയം ഇന്ത്യാ മീറ്ററോളജിക്കൽ ഡിപ്പാർട്ട്മെന്റ് തുടർച്ചയായി നിരീക്ഷണ വിധേയമാക്കുകയും ഉഷ്ണക്കാറ്റ് സംബന്ധിച്ച മുന്നറിയിപ്പ് ഏകദേശം അഞ്ച് ദിവസം മുൻകൂറായി വെബ്സൈറ്റിലൂടെയും പ്രിന്റ്/ ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയും പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**